## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 39 — 27-09-2016-ൽ മറുപടിയ്ക്ക്

### ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജൻ :<br>ശ്രീ. ചിറ്റയം ഗോപകുമാർ :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ :<br>ശ്രീമതി. സി. കെ. ആശ : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരളാ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് പൂർണ്ണമായ അർത്ഥത്തിൽ കമ്പനിയായി രൂപപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് കമ്പനിയായത് എന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. 25.8.2008-ലെ ജി. ഒ (എം. എസ്) നമ്പർ 29/2008/പി. ഡി പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ, ഇലക്ട്രിസിറ്റി ആക്ട് 2003-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ ഇൻഡ്യൻ കമ്പനീസ് ആക്ട് 1956 അനുസരിച്ചുള്ള ഒരു കമ്പനി (കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്) യായി പുനസംഘടിപ്പിക്കുവാൻ തീരുമാനിച്ചു. 31.10.2013-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 46/2013/പി.ഡി പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേക്ക് സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകൾ കൈമാറ്റം ചെയ്യപ്പെട്ടു. ടി സർക്കാർ ഉത്തരവിന്റ ഗസറ്റ് വിജ്ഞാപന തീയിയായ 31.10.2013 മുതൽ പൂർണ്ണ അർത്ഥത്തിൽ കെ. എസ്. ഇ. ബി. കമ്പനിയായി രൂപപ്പെട്ടു. |
| (ബി) കേന്ദ്ര സർക്കാരിന്റെ ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന **(Ujwal Discom Assurance Yojana (UDAY)** യിൽ ചേരുന്നതിന് സംസ്ഥാന സർക്കാർ അനുകൂലമായ തീരുമാനമെടുത്തിട്ടുണ്ടോ ; | (ബി) **UDAY** പദ്ധതിയുടെ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന മികവ് വർദ്ധിപ്പിക്കുവാനുള്ള ഭാഗത്തിൽ പങ്കുചേരുവാനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) ഉദയ് സ്കീമിൽ ചേരുകയാണെങ്കിൽ കെ. എസ്. ഇ. ബി. ക്ക് എന്തൊക്കെ ഘടനാപരമായ | (സി) **UDAY** പദ്ധതിയിൽ ചേരുകയാണെങ്കിൽ കെ. എസ്. ഇ. ബി. എൽ-ന് ഘടനാപരമായ മാറ്റങ്ങൾ വരുത്തേണ്ടതില്ല. |

മാറ്റങ്ങൾ വരുത്തണമെന്നും, പ്രസ്തുത സ്കീമിന്റെ ഗുണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ?

പ്രസ്തുത പദ്ധതിയിൽ ചേരുകയാണെങ്കിൽ DDUGJY മുതലായ കേന്ദ്ര പദ്ധതികൾക്ക്, കേന്ദ്ര സർക്കാരിൽ നിന്നും അഡീഷണൽ/പ്രയോറിറ്റി ഫണ്ടിംഗ് ലഭിക്കുന്നതാണ്.

റവന്യൂ ഗ്യാപ്പ് നികത്തുക AT & C Loss കുറയ്ക്കുക എന്നിവ ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

Hemalatha

സെക്ഷൻ ഓഫീസർ